# സി.ബി.ഐ: ഒരു ചരമക്കുറിപ്പ്

മധുനായർ, ന്യൂയോർക്ക്



സി. ബി.ഐയുടെ വിശ്വാസ്യതയെ കേരള ഹൈക്കോടതി ചോദ്യം ചെയ്തിരിക്കുന്നു. നീതി നിർവഹണ രംഗത്തെ ഒരു ചരിത്ര മുഹൂർത്തമായിട്ടു വേണം ഈ കോടതി നടപടി വിലയിരുത്തപ്പെടേണ്ടത്. അത്തരത്തിലൊരു നീക്കം കേരള സമൂഹത്തിലുണ്ടാകുമെന്നു കരുതുക വയ്യ. മമ്മൂട്ടിയുടെ "സി.ബി.ഐ ഒരു ഡയറിക്കുറിപ്പ്" മലയാളി മനസ്സുകളിൽ ഈ കേന്ദ്ര പോലീസിന് ചിരപ്രതിഷ്ഠ നേടിക്കൊടുത്തിരുന്നു. കക്ഷിഭേദമെന്യേ എല്ലാ രാഷ്ട്രീയക്കാരും പോലീസ് നടപടി അനിവാര്യമെന്നു തോന്നിയാൽ സി.ബി.ഐ എൻക്വയറിക്കു മുറവിളി കൂട്ടും. അടുത്ത കാലത്തൊന്നും ഒരു സുപ്രധാന കേസിലും വിശ്വസ്തതയോടെ അന്വേഷിച്ചു തീർപ്പു കൽപിച്ച ചരിത്രം സി.ബി.ഐക്കില്ല എന്ന സത്യം ആരും ഓർക്കുന്നില്ല. സംസ്ഥാന പോലീസിൽ നമ്പാൻ കൊള്ളാവുന്ന ആരുമില്ല എന്ന അടിസ്ഥാന വിശ്വാസമാണ് സി.ബി.ഐക്ക് മഹത്വം ചാർത്തപ്പെടുന്നതിന്റെ കാരണം. മലയാളിക്ക് സ്വന്തം വർഗത്തെച്ചൊല്ലിയുള്ള അപകർഷതാബോധം ഇവിടെ തഴച്ചുവളരുന്നു.

ഇതര സംസ്ഥാനങ്ങളിലെ പോലീസ് സേനകളുമായി താരതമ്യം ചെയ്താൽ കേരള പോലീസിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്. തൊട്ടയലത്തുള്ള തമിഴ്നാട്ടിൽ പോലീസുകാർ ഗ്രാമീണരെ ചൂഷണം ചെയ്യുന്ന കഥകൾ എത്രയോ പുറത്തു വന്നിരിക്കുന്നു. ഇവിടെ തഞ്ചാവൂരിലെ ഒരു സബ് ഇൻസ്പെക്ടർ തെക്കെ ഇന്ത്യയിലാകെ കാർ മോഷണം നടത്തുന്ന ഒരു സംഘത്തിന് താങ്ങും തണലുമായിരുന്നതും അവസാനം പിടിക്കപ്പെട്ടതും പത്രവാർത്തകളായി. വടക്കേ ഇന്ത്യയിൽ പ്രത്യേകിച്ചും ഉത്തർപ്രദേശിലും ബിഹാറിലുമൊക്കെ പല ക്രിമിനൽ കുറ്റങ്ങളും ചെയ്യുന്നതു തന്നെ പോലീസാണ്. പിന്നെ കുറ്റവാളികളെ കുടുക്കാനുള്ള അവരുടെ ആത്മാർഥതയെക്കുറിച്ച് ആലോചിക്കാവുന്നതേ ഉള്ളൂ.

യൂനിവേഴ്സിറ്റി ഡിഗ്രി മാത്രമല്ല, പ്രൊഫഷണൽ ഡിഗ്രിയുള്ളവർ വരെ കേരള പോലീസ് സേനയിലുണ്ട്, ഐ.പി.എസ് ലേബലില്ലാതെ തന്നെ. രാഷ്ട്രീയക്കാരെ സ്ഥിരം ഭർത്സിക്കുന്ന പോലുള്ള ഒരു സമീപനമാണ് സമൂഹം പോലീസിനോടും വെച്ചുപുലർത്തുന്നത്. ഭരണ വർഗത്തിന് ഇച്ഛാശക്തിയുണ്ടായാൽ സ്കോട്ട്ലൻഡ്യാർഡിനെ വെല്ലുന്ന ഒരു കുറ്റാന്വേഷണ വിഭാഗം കേരള പോലീസിനകത്തു തന്നെ വാർത്തെടുക്കാനാകും. അതിനുള്ള ആൾബലം ഇപ്പോൾ തന്നെ പോലീസ് സേനക്കുണ്ട്.

അമേരിക്കയിൽ പുകൾപെറ്റ കുറ്റാന്വേഷണ ഏജൻസിയാണ് എഫ്.ബി.ഐ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ. ഗവൺമെന്റിന്റെ മേൽനോട്ടത്തിലുള്ള ഈ പോലീസ് സേനക്ക് പ്രത്യേക ഭരണ സംവിധാനമാണുള്ളത്. എഫ്.ബി.ഐ ഡയറക്ടറെ നിയമിക്കുന്നത് അമേരിക്കൻ പ്രസിഡന്റാണെന്നതൊഴിച്ചാൽ ഈ ഏജൻസിക്ക് പരിപൂർണ സ്വയംഭരണാവകാശമുണ്ട്. അവിടെ രാഷ്ട്രത്തിലെ കുറ്റകൃത്യങ്ങളെ രണ്ടായി തരം തിരിച്ചിരിക്കുന്നു. ഒരു വിഭാഗം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയും മറ്റേ വിഭാഗം എഫ്.ബി.ഐയുടെ അധികാര പരിധിയിൽ നിർത്തുകയും ചെയ്തിരിക്കുന്നു. ഉദാഹരണമായി 9/11 എന്ന പേരിലറിയപ്പെടുന്ന ന്യൂയോർക്ക് സിറ്റിയിലെ വേൾഡ് ട്രേഡ് സെന്ററിനെ ഭസ്മമാക്കിയ വിദേശാക്രമണത്തിലെ കുറ്റവാളികളെ കണ്ടുപിടിക്കുക ന്യൂയോർക്ക് സിറ്റി പോലീസിന്റെ ജോലിയല്ല, അത് എഫ്.ബി.ഐ നിർവഹിച്ചുകൊള്ളും. അതുപോലെ യു.എസ് സെനറ്ററുടെ നേർക്ക് എന്താക്രമണമുണ്ടായാലും അതൊരു ഫെഡറൽ ക്രൈം ആണ്. എഫ്.ബി.ഐ ആണ് കേസെടുക്കേണ്ടത്. നേരെമറിച്ച് ഒരു സംസ്ഥാനത്ത് അന്തർദേശീയ ശക്തികളുടെ പ്രേരണയില്ലാതെ കൂട്ടക്കൊല നടന്നാലും അതിന്റെ അന്വേഷണം സംസ്ഥാന പോലീസിന്റെ മാത്രം കാര്യമാണ്, എഫ്.ബി.ഐക്ക് ഇടപെടാനൊക്കില്ല. എന്നാൽ ഫെഡറൽ കുറ്റകൃത്യങ്ങൾ കണ്ടാൽ അന്വേഷിക്കുവാൻ എഫ്.ബി.ഐക്ക് സംസ്ഥാന സർക്കാരിന്റെ അനുവാദവും വേണ്ട.

ഇന്ത്യയിലെ സ്ഥിതി നോക്കുക. സംസ്ഥാന സർക്കാരുകളുടെ അനുമതിയില്ലാതെ സി.ബി.ഐക്ക് ഒരു കേസും ഏറ്റെടുക്കാനാകില്ല. രാജ്യത്താകെയുള്ള കുറ്റകൃത്യങ്ങളെ കേന്ദ്രത്തിനും സംസ്ഥാനത്തിനുമെന്ന മട്ടിൽ വിഭജിച്ചിട്ടില്ല. ഇതിന്റെ പ്രത്യാഘാതങ്ങൾ ഭയങ്കരമാണ്. കശ്മീരിൽ എന്തു ഭീകര പ്രവർത്തനം നടന്നാലും സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെ സി.ബി.ഐക്ക് ഇടപെടാൻ സാധിക്കുന്നില്ല. സംസ്ഥാന സർക്കാരുകളാണെങ്കിൽ തടിതപ്പാനൊരു വഴിയായി സി.ബി.ഐ സേവനം ദുരുപയോഗപ്പെടുത്തുന്നു. അഭയക്കേസ് തന്നെ ഒരു നല്ല ഉദാഹരണം. പതിനഞ്ചു കൊല്ലങ്ങളോളം സി.ബി.ഐ ഈ കേസന്വേഷിച്ചിട്ടും ഫയൽ ക്ലോസ് ചെയ്യാനൊക്കാത്തതിൽ ബാഹ്യശക്തികളുടെ ഇടപെടൽ ഉണ്ടായി എന്ന് ന്യായമായും കേരള ഹൈക്കോടതി കരുതുന്നു. സി.ബി.ഐക്ക് സ്വയംഭരണാവകാശം പോലുമില്ല.

കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ ചൊൽപടിയിൽ പ്രവർത്തിച്ചേ തീരൂ. മേൽപറഞ്ഞ മാതിരിയുള്ള സംഘടനാ വൈകല്യങ്ങൾ പരിഹരിക്കാതെ കേന്ദ്ര ഗവൺമെന്റിന്റെ ചെലവിലൊരു കുറ്റാന്വേഷണ സംഘത്തെ വെച്ചുപൊറുപ്പിക്കുന്നത് നികുതിദായകരുടെ നേർക്കുള്ള ക്രൂരകൃത്യമാണ്.

ഭരണഘടനയിൽ നിയമ പരിപാലനം സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നെഹ്റുവിന്റെ കാലം വരെ വിദ്യാഭ്യാസവും സംസ്ഥാനങ്ങൾക്കു മാത്രമായി നീക്കിവെച്ചിരുന്നു.

ഈ വിഷയം കൺകറന്റ് ലിസ്റ്റിലാക്കി ദേശീയമായി തന്നെ വിദ്യാഭ്യാസ മേഖലയെ ആകെ തകിടം മറിച്ചിരിക്കുകയാണ്. സംസ്ഥാനങ്ങൾ കൂടുതൽ സ്വയം ഭരണക്രമത്തിലാകണമെന്നതാണ് ജനാധിപത്യ രീതിയിലെ ആരോഗ്യകരമായ പ്രവണത. ഇതിനെതിരായി സംസ്ഥാനങ്ങൾ തന്നെ നടപടികളെടുത്തതാണ് വിദ്യാഭ്യാസം കേന്ദ്രത്തിന്റെ അധികാര പരിധിയിലെത്തിച്ചത്. മെഡിക്കൽ കൗൺസിൽ തുടങ്ങിയ അനവധി കേന്ദ്ര ഏജൻസികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അഴിമതിയുടെ കേളീരംഗമാക്കി. കേന്ദ്ര ഇടപെടൽ മൂലം സംസ്ഥാനങ്ങൾക്ക് വ്യക്തമായ വിദ്യാഭ്യാസ നയം പോലും രൂപീകരിക്കാൻ കഴിയുന്നില്ല.

ഭാഗ്യത്തിന് ലോ ആന്റ് ഓർഡർ ഇപ്പോഴും കൺകറന്റ് ലിസ്റ്റിലാക്കിയിട്ടില്ല. സംസ്ഥാനങ്ങൾക്കു മാത്രമാണ് ഈ വകുപ്പിന്റെ പൂർണ നിയന്ത്രണം. ആ കടമ മറന്ന് ബലാൽസംഗക്കേസുകൾ മാത്രമല്ല, മോഷണം, പിടിച്ചുപറി തുടങ്ങി എന്തു കുറ്റവും സി.ബി.ഐക്ക് വിട്ടുകൊടുത്തിട്ട് കയ്യും കെട്ടി ഇരിക്കുന്ന സർക്കാർ പ്രവണതക്ക് അറുതി വന്നേ തീരൂ. പോലീസ് സേനയുടെ പ്രവർത്തനം പ്രാപ്തിയുള്ളതാക്കാൻ മിനക്കെടേണ്ട എന്ന ഉദ്ദേശ്യവും ഈ പ്രവൃത്തിയിലുണ്ട്. കേന്ദ്ര പോലീസ് വന്ന് സംസ്ഥാന പോലീസുകാരെ വിരട്ടുന്ന രീതി പഴയ കൊളോണിയൽ മാതൃകയാണ്. സംസ്ഥാന ഭരണത്തിനായി കേന്ദ്ര സർവീസിൽനിന്നും ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥരെ എടുത്തേ തീരൂ എന്നതും പുനർചിന്ത ആവശ്യമുള്ള കാര്യമാണ്. മന്ത്രിമാർക്കു പോലും കീഴുദ്യോഗസ്ഥന്മാരെ നിയന്ത്രിക്കാനൊക്കാത്ത അവസ്ഥയിൽ എന്തു ജനാധിപത്യമാണ് സാധ്യമാവുക?